## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 151 | 01.02.2018 ൽ മറുപടിക്ക്

# തലസ്ഥാനത്തെ ആക്രമണവും തുടർനടപടികളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.ജോൺ ഫെർണാണ്ടസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ബി.ജെ.പി. നേതൃത്വത്തിനെതിരെ ഉയർന്ന അഴിമതി ആരോപണങ്ങളിൽ നിന്നും ജനശ്രദ്ധ തിരിക്കാനായി സി. പി. ഐ. (എം) സംസ്ഥാന സെക്രട്ടറിയുടെ വസതിയുൾപ്പെടെ ആക്രമിച്ചു കൊണ്ട് സംസ്ഥാന തലസ്ഥാനത്ത് വ്യാപക അക്രമം അഴിച്ചുവിട്ടവർക്കെതിരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | (എ) സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയുടെ മകനും കുടുംബവും താമസിക്കുന്ന വസതി ആക്രമിക്കപ്പെട്ടതുൾപ്പെടെ 27/07/2017, 28/07/2017 എന്നീ തീയതികളിൽ സംസ്ഥാന തലസ്ഥാനത്ത് സി.പി.ഐ.(എം.) പ്രവർത്തകർക്കെതിരെ ഉണ്ടായ അക്രമ സംഭവങ്ങളിൽ ബി.ജെ.പി/ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 8 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ ഒരു കേസ്സിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. മറ്റ് 7 കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്. |
| (ബി) നഗരസഭാ കൗൺസിൽ അംഗങ്ങൾ അല്ലാത്തവരെക്കൂടി ഉപയോഗിച്ചു കൊണ്ട് തിരുവനന്തപുരം മേയറെ അപായപ്പെടുത്താൻ ശ്രമിച്ച് ജനങ്ങളുടെ സ്വൈര്യജീവിതം തകർക്കുന്നവരെ അമർച്ച ചെയ്യാൻ സാധ്യമായിട്ടുണ്ടോ; | (ബി) തിരുവനന്തപുരം മേയറെ തിരുവനന്തപുരം കോർപ്പറേഷന്റെ കൗൺസിൽ യോഗത്തിൽ വച്ച് അപായപ്പെടുത്താൻ ശ്രമിച്ചവർക്കെതിരെ 18/11/2017 തീയതിയിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ക്രൈം നം. 1871/2017u/s143,147,149,120(b), 341,323,353,332& 307 IPC പ്രകാരം |

20 ബി.ജെ.പി. വാർഡ് കൗൺസിലർമാർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസ്സിൽ 7 കൗൺസിലർമാർ ബഹു.തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ ഉപാധികളോടെ ജാമ്യമെടുത്തിട്ടുള്ളതും കൗൺസിലർ അല്ലാത്ത വലിയവിള സ്വദേശി ആനന്ദ് എന്നയാൾ ഉൾപ്പെട്ടിട്ടുള്ളതും ടിയാനെ അറസ്റ്റ് ചെയ്ത് 28 ദിവസം ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞതിനു ശേഷം ഉപാധി കളോടെ ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്. കന്റോൺമെന്റ് അസിസ്റ്റന്റ് കമ്മിഷണർ ഓഫ് പോലീസ് ഈ കേസ്സിനെക്കുറിച്ച് അന്വേഷണം നടത്തി വരുന്നു.

(സി) ഇത്തരം സംഭവങ്ങളുടെ പശ്ചാത്തലത്തിൽ പോലീസിൽ ആർ.എസ്.എസ് സെൽ പ്രവർത്തിക്കുന്നുണ്ടെന്ന വാർത്തയുടെ നിജസ്ഥിതി അന്വേഷിക്കാൻ നിർദ്ദേശം നൽകുമോ?

(സി) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ